ഫൈൻ ആർട്സ് സൊസൈറ്റി
പരവൂർ, കൊല്ലം - 691 301

# പ്രവർത്തനപദ്ധതികൾ

1976 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ച പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി വൈവിധ്യമാർന്ന സാമൂഹിക-സാംസ്കാരിക-കലാപരമായ പ്രവർത്തനങ്ങളിലൂടെ പരവൂരിന്റെ സാംസ്കാരിക സ്പന്ദനങ്ങളുടെ തിലകക്കുറി ചാർത്തുന്നു. പരവൂരിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ പ്രോജ്ജ്വലമാക്കിയ പരവൂർ വി കേശവനാശാനിലൂടെയും മഹാകവി കെ സി കേശവപിള്ളയിലൂടെയും പരവൂർ ജി ദേവരാജൻ മാസ്റ്ററിലൂടെയും മറ്റനവധി പ്രതിഭാശാലികളിലൂടെയും പകർന്നുകിട്ടിയ സാംസ്കാരിക പാരമ്പര്യം പിന്തുടരുന്ന സാംസ്കാരിക സംഘടനയാണ് പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി. ഈ സാംസ്കാരിക പാരമ്പര്യത്തെ ഉന്നിദ്രമാക്കാനും പരിപുഷ്ടമാക്കാനുമുള്ള വിവിധങ്ങളായ പ്രവർത്തന സമൃദ്ധികൊണ്ടാണ് ഫാസ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ആഡിറ്റിന് വിധേയമായി കൃത്യമായ വരവ്-ചെലവ് കണക്കുകൾ പൊതുയോഗത്താൽ അംഗീകരിക്കപ്പെടുന്ന അപൂർവ്വം സാംസ്കാരിക സംഘടനകളിൽ ഒന്നാണ് പരവൂർ ഫാസ്. ഫാസിന്റെ സ്വന്തമായ സ്ഥലത്ത് നൂറ്റിയിരുപത്തഞ്ചോളം ആളുകൾക്ക് ഇരിക്കാവുന്ന വിധം സംവിധാനം ചെയ്ത ഹാളും ആഫീസ് മന്ദിരവും ഉൾപ്പെടുന്ന കെട്ടിടം പ്രവർത്തന സജ്ജമാണ്.

നാടകാവതരണം സാംസ്കാരിക കേരളത്തിൽ ശക്തമായിരുന്ന കാലയളവിൽ നാടകത്തിന് പ്രാമുഖ്യം നൽകി പ്രതിമാസ പരിപാടികൾ 1976 മുതൽ അവതരിപ്പിച്ചു വന്നു. കേരളത്തിലെ അറിയപ്പെടുന്ന മിക്കവാറും എല്ലാ നാടകസമിതികളും ഫാസിന്റെ വേദിയിൽ നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ തനത് കലാരൂപമായ കഥകളിക്ക് ഫാസ് വേദിയൊരുക്കുകയുണ്ടായി. പ്രതിമാസ പരിപാടികളിൽ ഉൾപ്പെടുത്തിയുള്ള മായാജാല പ്രകടനങ്ങളും നൃത്ത പരിപാടികളും പ്രേക്ഷക ഹൃദയത്തിൽ പ്രതിഷ്ഠ നേടുകയുണ്ടായി. പരവൂരിലെ കലാകാരന്മാരുടെ കലാമേളയും യുവജനോത്സവ വിജയികളുടെ ക്ലാസിക്കൽ ഡാൻസും ഗാനമേളയും മിമിക്സ് പരേഡും കഥാപ്രസംഗവുമെല്ലാം പ്രതിമാസ പരിപാടികളുടെ വൈവിധ്യ-വൈചിത്ര്യ അവതരണങ്ങൾക്ക് മാറ്റ് കൂട്ടി. പത്മശ്രീ കെ ജെ യേശുദാസിന്റെ സംഗീത സദസും ഉർവശി ശോഭനയുടെ നൃത്ത സന്ധ്യയും ദേവരാജൻ മാസ്റ്റർ നേതൃത്വം നൽകിയ ശക്തിഗാഥയുടെ സംഗീത സായാഹ്നവും ആസ്വാദന തീവ്രത ഉണർത്തിയ കലാവിഷ്കാരങ്ങളായിരുന്നു. യുനെസ്കോയുടെ അംഗീകാരം നേടിയിട്ടുള്ളതും 1500-ലധികം വർഷം പഴക്കമുള്ളതുമായ കേരളത്തിലെ അതിപുരാതന പാരമ്പര്യ കലാരൂപമായ കൂടിയാട്ടത്തിന് പരവൂരിൽ ദൃശ്യശ്രാവ്യ സാക്ഷാത്ക്കാരം സാധിച്ചത് ഫാസിന്റെ വേദിയിലായിരുന്നു. പ്രൊഫ ഗോപിനാഥ് മുതുകാട്, പ്രൊഫ സമ്രാട്ട് തുടങ്ങിയവർ സ്റ്റേജിൽ ഇന്ദ്രജാലം സൃഷ്ടിച്ചപ്പോൾ, റിമിടോമിയും മഞ്ച് സ്റ്റാർ സിംഗേഴ്സും ഗാനമേളയിലൂടെ രാഗ-താള-ലയങ്ങളിൽ പ്രതിഭ വിടർത്തിയപ്പോൾ, ഫാസ് അംഗങ്ങൾ നിസ്തന്ദ്രമായ അനുഭൂതിയിൽ ആമഗ്നരായി. നരബാധിത ചിന്തകൾക്കെതിരെ യൗവ്വനത്തിന്റെ തിളച്ചു മറിയലും, പ്രസ്ഥാനവൽക്കരിക്കപ്പെട്ട ബോധതലങ്ങളിൽ വിപ്ലവോന്മുഖ ആക്രമണങ്ങളും, അടിമവൽക്കരിക്കപ്പെട്ട മനസ്സുകളിൽ തീവ്ര അനുഷ്ഠാന പ്രഘോഷണങ്ങളും ഫാസിന്റെ വേദിയിൽ അവതരിപ്പിക്കപ്പെട്ട നാടകങ്ങളുടെ ഭാവ സാന്ദ്രതയെ മിഴിവേറ്റുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ സംവേദന ക്ഷമതയിലുണ്ടായ വ്യതിയാനവും ആസ്വാദന പരമായ വ്യതിരിക്തതയും ഇലക്ട്രോണിക് മാധ്യമങ്ങളുടെ സംഭൂതാധിനിവേശവും എല്ലാം കൂടി പ്രതിമാസ സ്റ്റേജ് പരിപാടി ഇപ്പോൾ ദുഃസാദ്ധ്യമായിരിക്കുന്നു; തിരഞ്ഞെടുത്ത പരിപാടികളിൽ ഒതുങ്ങിയിരിക്കുന്നു. വിദ്യാർത്ഥികളിൽ കലാബോധവും ശാസ്ത്രാഭിരുചിയും വളർത്താൻ ഉദ്ദേശിച്ചുകൊണ്ട് വിവിധങ്ങളായ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഫാസ് പങ്കെടുത്തുവരുന്നു.

കലാ-കായിക രംഗങ്ങളിൽ മികവുറ്റ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഫാസിന്റെ പ്രവർത്തന മേഖലയിൽപ്പെട്ടവരെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ ഫാസ് പ്രതിജ്ഞാബദ്ധമാണ്.

(തുടർച്ച .......)

## വിദ്യാഭ്യാസ അവാർഡുകൾ

ആരോഗ്യകരമായ സമൂഹത്തെ പ്രാപ്തമാക്കിയെടുക്കുന്നതിന് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അനുക്തസിദ്ധമാണ്. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് വിദ്യാഭ്യാസ അവാർഡുകൾ നൽകുന്നത്.

### എസ് എസ് എൽ സി അവാർഡുകൾ

ഫാസിന്റെ പ്രവർത്തന മേഖലയിൽപ്പെട്ട സ്കൂളുകളിൽ പഠിച്ച് എസ് എസ് എൽ സി പരീക്ഷക്ക് ഉയർന്ന ഗ്രേഡ് ലഭിക്കുന്ന കുട്ടി(കൾ)ക്കും അംഗങ്ങളുടെ മക്കളിൽ എസ് എസ് എൽ സി പരീക്ഷക്ക് ഉയർന്ന ഗ്രേഡ് ലഭിക്കുന്ന കുട്ടി(കൾ)ക്കും അവാർഡുകൾ നൽകുന്നു. ഓരോ വർഷവും ഫാസിന്റെ പൊതുവേദിയിൽ വച്ചാണ് അവാർഡുകൾ നൽകുന്നത്. കോട്ടപ്പുറം നായൻവിള വീട്ടിൽ ശ്രീ കെ എൻ ഭാസ്ക്കരന്റെയും ശ്രീമതി സി കെ വിജയിനിയുടെയും സ്മരണയ്ക്കായി മകൻ ശ്രീ ബി ജയസൈഗാൾ ഏർപ്പെടുത്തിയിട്ടുള്ള എസ് എസ് എൽ സി അവാർഡുകളും ഫാസ് അവാർഡിനൊപ്പം നൽകുന്നു. 2017 മുതൽ എസ് എസ് എൽ സി അവാർഡുകൾ അംഗങ്ങളുടെ മക്കൾക്കുമാത്രമാണ് നൽകുന്നത്.

### പ്ലസ് ടു അവാർഡ്

**പ്ലസ്** ടുപരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക്/ഗ്രേഡ് നേടിയ ഫാസ് അംഗങ്ങളുടെ മക്കൾക്ക് ഫൈൻ ആർട്സ് സൊസൈറ്റിയുടെ മെമന്റോയും ശ്രീ. എസ്.സാജൻ, ആർ.എസ്. വില്ല, കോട്ടപ്പുറം, അദ്ദേഹത്തിന്റെ പിതാവ് ആർ. ശ്രീധരൻ, മാതാവ് കെ. കൗസല്യ എന്നിവരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ **1001 രൂപയുടെ** ക്യാഷ് അവാർഡുമാണ് നൽകുന്നത്.

### സി.ബി.എസ്.ഇ. X അവാർഡ്

സി.ബി.എസ്.ഇ. ബോർഡു നടത്തുന്ന 10–ാം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ1 ഗ്രേഡ് ലഭിക്കുന്ന ഫാസ് അംഗങ്ങളുടെ മക്കൾക്ക് ഫൈൻ ആർട്സ് സൊസൈറ്റിയുടെ മെമന്റോയും മയ്യനാട്, കൂട്ടിക്കട, ലക്ഷ്മിനിലയത്തിൽ ശ്രീ. വി. ശശിധരൻ അദ്ദേഹത്തിന്റെ പിതാവ് കെ.പി. വാസുപിള്ളയുടെയും മാതാവ് ലക്ഷ്മിക്കുട്ടി അമ്മയുടെയും സ്മരണയ്ക്കായി ഏർപ്പെടുത്തിയ 1001 രൂപ ക്യാഷ് അവാർഡുമാണ് നൽകുന്നത്.

### സി.ബി.എസ്.ഇ. XII അവാർഡ്

സി.ബി.എസ്.ഇ. നടത്തുന്ന 12–ാം ക്ലാസ്സ് പരീക്ഷയിൽ കൂടുതൽ മാർക്ക്/ഗ്രേഡ് നേടുന്ന ഫാസ് അംഗങ്ങളുടെ മക്കൾക്ക് ഫൈൻ ആർട്സ് സൊസൈറ്റിയുടെ മെമന്റോയും ശ്രീ. ഗിരിലാൽ, നന്ദനം, കൂനയിൽ, അദ്ദേഹത്തിന്റെ മകൻ അനന്തുവിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ 1001 രൂപ ക്യാഷ് അവാർഡുമാണ് നൽകുന്നത്.

### ഫാസ് ടെക്നിക്കൽ വിദ്യാഭ്യാസ അവാർഡ്

പരവൂരിലെ അംഗീകൃത ടെക്നിക്കൽ എഞ്ചിനിയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ ശിവരാജപിള്ള മെമ്മോറിയൽ പ്രൈവറ്റ് ഐ.റ്റി.ഐ., എസ്.ആർ.വി. കോളെജ് ഓഫ് എഞ്ചിനിയറിംഗ് എന്നീ സ്ഥാപനങ്ങളിൽ പഠിച്ച് ഉന്നതനിലയിൽ വിജയിച്ച, ബന്ധപ്പെട്ട സ്ഥാപനം തിരഞ്ഞെടുക്കുന്ന, ഓരോ വിദ്യാർത്ഥിക്ക് ഫാസ് ടെക്നിക്കൽ വിദ്യാഭ്യാസ അവാർഡ് നൽകുന്നു.

വിദ്യാഭ്യാസ രംഗത്ത് ഫാസിന്റേതായ ഈ സംരംഭത്തോട് വിദ്യാർത്ഥികളും രക്ഷാകർത്താക്കളും പൂർണ്ണ മനസ്സോടെ സഹകരിക്കുന്നുവെന്നത് ചാരിതാർത്ഥ്യജനകമാണ്.

## പ്രസിദ്ധീകരണങ്ങൾ

### പരവൂർ ഒരു ചരിത്രസ്മരണിക 1985

ചരിത്രപരവും സാംസ്കാരികവുമായ അടരുകൾ അന്വേഷിക്കേണ്ടത് ഒരു സാംസ്കാരിക സംഘടനയെ സംബന്ധിച്ച് ഒഴിവാക്കാനാവാത്തതാണ്. പരവൂരിന്റെ സാമൂഹിക–കലാ–സാംസ്കാരിക പാരമ്പര്യത്തിന്റെയും അതിന്റെ വളർച്ചക്ക് സഹായിച്ച ചരിത്രപരമായ വസ്തുതകളുടെയും ഒരു രൂപരേഖ **പരവൂർ ഒരു ചരിത്ര സ്മരണിക 1985** എന്ന പേരിൽ ഫൈൻ ആർട്സ് സൊസൈറ്റി

(തുടർച്ച .......)

പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന്റെ പ്രധാന ലേഖകൻ യശ:ശരീരനായ പരവൂരിന്റെ ചരിത്രകാരൻ എം കെ രാഘവൻപിള്ള ആയിരുന്നു. പരവൂരിനെ സംബന്ധിച്ച് പ്രാധാന്യം അർഹിക്കുന്ന വിവരങ്ങൾ സംക്ഷിപ്ത രൂപത്തിൽ പ്രതിപാദിക്കുന്ന ഒരു ചരിത്രരേഖയാണ് ഈ സ്മരണിക. പരവൂരിന്റെ സമസ്ത മേഖലകളുടെയും ചരിത്രം വസ്തുനിഷ്ഠമായി പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞത് ഫാസിന്റെ അഭിമാനകരമായ നേട്ടമായി അംഗീകരിക്കപ്പെട്ടു.

### ദേവരാജസ്മാരകഗ്രന്ഥം 2007

ദേവരാഗങ്ങളുടെ രാജശിൽപ്പിയായ പരവൂർ ജി ദേവരാജൻ മാസ്റ്ററുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച പുസ്തകമാണ് **ദേവരാജ സ്മാരക ഗ്രന്ഥം 2007**.

സർഗധനനായ ദേവരാജൻ മാസ്റ്ററുടെ സംഗീതത്തിലുള്ള അവഗാഹവും ശുദ്ധസംഗീതത്തോടുള്ള പ്രതിബദ്ധതയും ഗൗരവതരമായ സമീപനവും അദ്ദേഹം മലയാള ചലച്ചിത്ര-നാടക ഗാനശാഖയ്ക്കു നൽകിയ അമൂല്യ സംഭാവനയും മാസ്റ്റർ രൂപപ്പെടുത്തിയ **ക്വൊയർ** എന്ന നൂതന സംഗീത ശിൽപത്തിന്റെ ചാരുതയും മാസ്റ്റർ ചിട്ടപ്പെടുത്തിയ തനതായ ഷഡ്കാല പല്ലവികളുടെ നവ്യസങ്കേതങ്ങളുമൊക്കെ ഈ സ്മാരക ഗ്രന്ഥത്തിൽ പ്രതിപാദ്യ വിഷയമായിട്ടുണ്ട്.

മാസ്റ്ററുടെ ഹൃദയ വിശാലതയും ആത്മാർത്ഥതയും സ്നേഹവും തട്ടും തലോടലും കാർക്കശ്യവും ലാളിത്യവും ജീവിത വീക്ഷണവുമൊക്കെ നേരിട്ടറിഞ്ഞവർ വിവിധ കോണുകളിലൂടെ ഇതിൽ മാസ്റ്ററെ നോക്കിക്കാണുന്നു.

മാസ്റ്റർ അന്ത്യവിശ്രമം കൊള്ളുന്ന ജന്മനാടായ പരവൂരിന്റെ ധന്യവും സമ്പന്നവുമായ പൈതൃകം പുതിയ തലമുറയെ പരിചയപ്പെടുത്താനായി, തെരഞ്ഞെടുത്ത മേഖലകളെ സംബന്ധിച്ച കുറച്ച് ലേഖനങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ സ്മാരക ഗ്രന്ഥം സംഗീതാസ്വാദകർക്കും വിദ്യാർത്ഥികൾക്കും വിലപ്പെട്ട ഒരു റഫറൻസ് പുസ്തകമായി മാറിയിരിക്കുന്നുവെന്നത് ഇതിന്റെ പ്രസക്തി വർധിപ്പിച്ചിരിക്കുന്നു

### പരവൂർ ഒരു ചരിത്രസ്മരണിക 2010

**പരവൂർ ഒരു ചരിത്രസ്മരണിക** 1985-ന്റെ കോപ്പികൾ മുഴുവൻ തീർന്നുപോയതിനാൽ അതിന്റെ പരിഷ്കരിച്ച പതിപ്പ് **പരവൂർ ഒരു ചരിത്രസ്മരണിക 2010** എന്ന പേരിൽ ഫാസ് പ്രസിദ്ധീകരിച്ചു. **പരവൂർ ഒരു ചരിത്രസ്മരണിക** 1985-ലെ ലേഖനങ്ങളും ഫാസ് രണ്ടാമതായി പ്രസിദ്ധീകരിച്ച **ദേവരാജ സ്മാരകഗ്രന്ഥം 2007** ൽ ചേർത്തിരുന്ന പരവൂരിനെ സംബന്ധിക്കുന്ന ലേഖനങ്ങളും പരവൂരിന്റെ പൈതൃകം തേടിയുള്ള അന്വേഷണഫലമായി ലഭ്യമായ വിഷയങ്ങളും ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചതാണ് **പരവൂർ ഒരു ചരിത്ര സ്മരണിക 2010**.

സമൂഹത്തിന്റെ പുരോഗതിക്ക് ചരിത്ര പഠനം അനിവാര്യഘടകമാണ്. ഗവേഷണ കുതുകികൾക്ക് പരവൂരിന്റെ വേരുകൾ തേടുന്ന ദൗത്യം ഏറ്റെടുക്കുന്നതിന് ഈ ഗ്രന്ഥം തീർച്ചയായും സഹായകമാകും.

### ദേവരാജ സംഗീത മത്സരം

ദേവരാജൻ മാസ്റ്റർ ഏർപ്പെടുത്തിയ പരവൂർ കൊച്ചു ഗോവിന്ദൻ ആശാൻ-കൊച്ചു കുഞ്ഞ് സ്മാരക ദേവരാജ സംഗീത അവാർഡിനുവേണ്ടിയുള്ള സംഗീതമത്സരം ഫാസ് സംസ്ഥാനാടിസ്ഥാനത്തിൽ വർഷം തോറും നടത്തി വരുന്നു. 16നും 26നും ഇടയ്ക്കു പ്രായമുള്ള സ്ത്രീപുരുഷന്മാർക്ക് മത്സരത്തിൽ പങ്കെടുക്കാം. ദേവരാജൻ മാസ്റ്റർ സംഗീതം നൽകിയിട്ടുള്ള സിനിമ-നാടക ഗാനങ്ങളാണ് ആലപിക്കേണ്ടത്. (വിശദ വിവരങ്ങൾ അന്യത്ര).

### ദേവരാജൻ മാസ്റ്ററുടെ ജന്മദിനം / ചരമദിനം

ദേവരാജൻ മാസ്റ്ററുടെ ജന്മദിനമായ സെപ്റ്റംബർ 27-നും ചരമദിനമായ മാർച്ച് 14-നും ഫാസിന്റെ നേതൃത്വത്തിൽ മാസ്റ്റർ അന്ത്യവിശ്രമം കൊള്ളുന്ന പരവൂർ മുനിസിപ്പൽ നെഹ്റു പാർക്കിൽ പുഷ്പാർച്ചനയും ഗാനാർച്ചനയും സംഘടിപ്പിച്ചുവരുന്നു.

(തുടർച്ച .......)

## കൊച്ചുകുഞ്ഞ് സ്മാരക പാചക മത്സരം

മൃദംഗവിദ്വാൻ പരവൂർ കൊച്ചുഗോവിന്ദനാശാന്റെ സഹധർമ്മിണിയും സംഗീത കുലപതി ദേവരാജൻ മാസ്റ്ററുടെ മാതാവുമായ പാചക വിദുഷി കൊച്ചുകുഞ്ഞിന്റെ സ്മരണ നിലനിർത്തുവാനും യുവതികൾക്ക് പാചകകലയിൽ പ്രോത്സാഹനം നൽകാനുമായി ഏർപ്പെടുത്തിയതാണ് **കൊച്ചുകുഞ്ഞ് സ്മാരക പാചക മത്സരം**. പരവൂർ, പൂതക്കുളം, ചിറക്കര പ്രദേശങ്ങളിൽ സ്ഥിരതാമസക്കാരായ 20 വയസ്സുവരെ പ്രായമുള്ള വനിതകൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. 2018 മുതൽ പാചക മത്സരം നടത്തിവരുന്നു. ഒന്നാം സ്ഥാനം നേടുന്ന വിജയിക്ക് 2500 രൂപയും സർട്ടിഫിക്കേറ്റും രണ്ടാം സ്ഥാനം നടുന്ന വിജയിക്ക് 1500 രൂപയും സർട്ടിഫിക്കേറ്റും നൽകിവരുന്നു.

## പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക മൃദംഗ മത്സരം

മൃദംഗ വിദ്വാനും സംഗീതകുലപതി ദേവരാജൻ മാസ്റ്ററുടെ പിതാവുമായ പരവൂർ കൊച്ചുഗോവിന്ദനാശാന്റെ സ്മരണ നിലനിർത്തുവാനും മൃദംഗവാദനത്തിൽ പ്രോത്സാഹനം നൽകുവാനുമായി കൊല്ലം ജില്ലയിലെ 15 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് 2019 മുതൽ **പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക മൃദംഗ മത്സരം** നടത്തുന്നു. ഒന്നാം സ്ഥാനം നേടുന്ന വിജയിക്ക് 2500 രൂപയും സർട്ടിഫിക്കേറ്റും രണ്ടാം സ്ഥാനം നേടുന്ന വിജയിക്ക് 1500 രൂപയും സർട്ടിഫിക്കേറ്റും നൽകുന്നു.

## മെഡിക്കൽ ക്യാമ്പുകൾ

പരവൂരിന്റെ പൊതുപ്രശ്നങ്ങളിൽ ഇടപെടുന്നതിന്റെ ഭാഗമായി ആരോഗ്യാനുബന്ധ പ്രവർത്തനങ്ങളിൽ ഫാസിന്റെ സജീവസാന്നിദ്ധ്യം ഉണ്ടാകാറുണ്ട്. ആയുർവേദ-ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ചിക്കുൻഗുനിയ, പകർച്ചപനി തുടങ്ങിയവയ്ക്ക് എതിരെ ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ഭവന സന്ദർശനം നടത്തുകയും ചെയ്തുകൊണ്ടുള്ള ആശയപ്രചാരണം നടത്തുക, മാലിന്യ നിർമാർജ്ജന ശില്പശാല സംഘടിപ്പിക്കുക, മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട റോഡ് ഷോയിലും എക്സിബിഷനിലും സഹകരിക്കുക തുടങ്ങിയവ ഇവയിൽ ചിലതാണ്.

## പരവൂരിലെ പ്രതിഭാധനന്മാർ

പരവൂരിലെ പ്രതിഭാധനന്മാരെ ആഴത്തിൽ ഉൾക്കൊള്ളാൻ പ്രാപ്തമാക്കുന്നതിന്റെ ഭാഗമായി ഫാസും, പ്രശസ്ത ഫോട്ടോഗ്രാഫറും ഫാസ് അംഗവുമായ ശ്രീ ജിജോയും, എസ് എൻ വി ആർ സി ബാങ്കും സംയുക്തമായി ദേവരാജൻ മാസ്റ്ററുടെ ജീവിതത്തെ അനാവരണം ചെയ്യുന്ന ഫോട്ടോ പ്രദർശനം മാസ്റ്ററുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുകയുണ്ടായി. സർവശ്രീ പി ജയചന്ദ്രൻ, ഒ എൻ വി കുറുപ്പ്, എം കെ അർജുനൻ, ദേവരാജൻ മാസ്റ്ററുടെ കുടുംബാംഗങ്ങൾ, പ്രശസ്ത പത്രപ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ, മാസ്റ്ററുടെ ആരാധകർ തുടങ്ങി വിവിധ തുറകളിൽപ്പെട്ട ജനസഞ്ചയത്തിന്റെ വൻതിരക്കായിരുന്നു, ഫോട്ടോ പ്രദർശനം കാണാൻ.

മലയാള ഭാഷയുടെ സമസ്ത മേഖലകളിലും നൈപുണ്യം തെളിയിച്ച പരവൂരിന്റെ പുണ്യവും മഹാഭാഗ്യവുമാണ് മഹാകവി കെ സി കേശവപിള്ള. വിസ്മൃതിയിലാണ്ടുപോയ അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകൾ പുതിയ തലമുറയെ പരിചയപ്പെടുത്തുവാനും അനുസ്മരിക്കുവാനും അവസരം നൽകി അദ്ദേഹത്തിന്റെ 141-ാം ജന്മവാർഷികദിനം ഫാസ് ആഘോഷിക്കുകയുണ്ടായി. സാഹിത്യ സമ്മേളനത്തിൽ ഡോ: പുതുശ്ശേരി രാമചന്ദ്രൻ, ഡോ: എ എൻ വാസുദേവൻ പിള്ള എന്നിവരും തുടർന്ന് നടന്ന സംഗീത കച്ചേരിയിൽ ഡോ: കെ ഓമനക്കുട്ടിയും പങ്കെടുത്ത് കെ സി ജന്മദിനാഘോഷം അവിസ്മരണീയമാക്കി.

പരവൂരിന്റെ പ്രിയ പുത്രന്മാരായ രണ്ട് മഹാത്മാക്കളെ, പരവൂർ വി കേശവൻ ആശാനെയും പരവൂർ ജി ദേവരാജൻ മാസ്റ്ററെയും, 2009 മാർച്ച് പതിന്നാലിന് ഫാസ് വേദിയിൽ ഒരുമിച്ച് അനുസ്മരിക്കുകയുണ്ടായി. സംസ്കൃത പണ്ഡിതൻ, ആയുർവേദ ഭിഷഗ്വരൻ, പത്രപ്രവർത്തകൻ, സാഹിത്യകാരൻ, ഗ്രന്ഥകർത്താവ്, അദ്ധ്യാപകൻ, സാമൂഹ്യപരിഷ്കർത്താവ് തുടങ്ങി വിവിധ മേഖലകളിൽ പ്രസ്ഫുരിച്ചിരുന്ന മഹാനായിരുന്നു, മഹാകവി കേശവപിള്ളയുടെ ഗുരു കൂടിയായ, പരവൂർ വി കേശവൻ ആശാൻ. ആശാന്റെ കൃതികളെക്കുറിച്ചും വിവിധ മേഖലകളിലെ വിശ്രുത

(തുടർച്ച .......)

സംഭാവനകളെക്കുറിച്ചും പുതിയ തലമുറക്ക് അറിവ് പകരുന്നതിനും സാംസ്കാരിക പാരമ്പര്യത്തിന്റെ അധീതബോധം നിസ്തന്ദ്രമാക്കുന്നതിനുമായി അദ്ദേഹത്തിന്റെ 150-ാം ജന്മവാർഷികം ഫാസ് സമുചിതമായി ആഘോഷിക്കുകയുണ്ടായി. മുൻ തലമുറയിലെ പ്രഗത്ഭരെ ആദരിക്കുന്നതിനും അനുസ്മരിക്കുന്നതിനുമുള്ള ഫാസിന്റെ പരിപാടിയുടെ ഭാഗമായിരുന്നു ഇത്.

പരവൂർ വി കേശവൻ ആശാൻ, മഹാകവി കെ സി കേശവപിള്ള, പരവൂർ ജി ദേവരാജൻ മാസ്റ്റർ, ഫാസിന്റെ സ്ഥാപക പ്രസിഡന്റ് എൻ പ്രഭാകരൻ നായർ, സ്ഥാപക സെക്രട്ടറി ആർ സുകുമാരക്കുറുപ്പ്, തുടർന്ന് പ്രസിഡന്റുമാരായിരുന്ന യശ:ശരീരരായ അഡ്വ: ജി.ശിവരാജപിള്ള, പി. കെ. കാർത്തികേയൻ നായർ എന്നിവരുടെ ചിത്രങ്ങൾ ഫാസിന്റെ ഓഫീസ് മന്ദിരത്തിൽ അനാച്ഛാദനം ചെയ്ത് പ്രദർശിപ്പിച്ചിരിക്കുന്നു.

## നാടൻപാട്ട്

നാടൻകലാരൂപങ്ങളുടെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിഞ്ഞ ഫാസ് മധ്യവേനലവധിക്കാലത്ത് കുട്ടികൾക്കുവേണ്ടി നാടൻ പാട്ടുകളരി ആരംഭിക്കുകയും 244-ാം പ്രോഗ്രാമിനോടൊപ്പം കുട്ടികളുടെ നാടൻപാട്ട് പരിപാടി വിജയകരമായി അവതരിപ്പിക്കുകയും ചെയ്തു.

## വികസന സെമിനാർ

പരവൂരിന്റെ ഭാവി വികസന പ്രക്രിയയിൽ സജീവമായി ഇടപെട്ടുകൊണ്ട് 23-12-2001-ലും 01-06-2003- ലും നടത്തിയ വികസന സെമിനാറുകൾ പരവൂരിന്റെ വികസന പരിപ്രേക്ഷ്യം വരച്ചിടുവാൻ സഹായിച്ചു. പ്രസ്തുത സെമിനാറുകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും രൂപംകൊണ്ട പദ്ധതികളും തുടർന്ന് പരവൂരിൽ നടന്ന പല വികസന സെമിനാറുകൾക്കും മാർഗദർശനമാവുകയുണ്ടായി.

## കരിയർ ഗൈഡൻസ്

ഭാവി ബോധം ഉദ്ദീപ്തമാക്കാനും അവസരങ്ങൾ കണ്ടെത്തി ജീവിതായോധനത്തിൽ പ്രാഗത്ഭ്യം നേടാനും വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്നതിന് അനുയോജ്യമായ കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് ഫാസ് മുൻകൈയെടുക്കുന്നു. കൂടാതെ വിദ്യാർത്ഥികൾക്കായി സൗജന്യ ചിത്രരചന ക്ലാസും നടത്താറുണ്ട്.

## സൗജന്യസേവനകേന്ദ്രം

ഫാസ് ആഫീസ് സൗജന്യ സേവനകേന്ദ്രമായി എല്ലാ ഞായറാഴ്ചകളിലും പ്രവർത്തിച്ചു വരുന്നു. സർക്കാർ, അർദ്ധസർക്കാർ, പോതുമേഖല, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, സ്വകാര്യമേഖല തുടങ്ങിയ വിഭാഗങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് മാർഗനിർദ്ദേശം നൽകുകയാണ് സേവന കേന്ദ്രത്തിന്റെ ലക്ഷ്യം.

## കുടുംബ സംഗമം

സാമൂഹികവും സാംസ്കാരികവും കുടുംബപരവുമായ അഭ്യുന്നതി ലക്ഷ്യമാക്കിയാണ് കുടുംബ സംഗമം എന്ന ആശയം ഫാസ് പ്രാവർത്തികമാക്കി വരുന്നത്. കുടുംബാംഗങ്ങൾ തമ്മിൽ തമ്മിൽ സ്നേഹം, വിശ്വാസം, സഹകരണം, സഹായം എന്നിവയിൽ അധിഷ്ഠിതമായ ആശയ സംവേദനം സാധിതമാക്കാനും കുടുംബാംഗങ്ങളുടെ കലാഭിരുചികൾക്ക് ദൃശ്യ-ശ്രാവ്യ ഭാഷ്യം നൽകാൻ അവസരമൊരുക്കി സാംസ്കാരികമായ ഉണർവ് ഏകാനുമാണ് കുടുംബ സംഗമത്തിലൂടെ ശ്രമിച്ചുവരുന്നത്.

## സാംസ്കാരിക വിനിമയ പര്യടനവും ഉല്ലാസ വിജ്ഞാന യാത്രകളും

തിരക്കുള്ള യാന്ത്രിക ജീവിതത്തിൽ നിന്ന് വിടുതൽ തേടി പ്രകൃതിയെ തൊട്ടറിഞ്ഞും അത്ഭുത ദൃശ്യങ്ങൾ കണ്ടറിഞ്ഞും സൗന്ദര്യത്തിന്റെയും സമാധാനത്തിന്റെയും വിജ്ഞാനത്തിന്റെയും ലോകത്തേക്കുള്ള യാത്രകൾ പുതിയ അനുഭവങ്ങളുടെ അസുലഭ മുഹൂർത്തങ്ങളും മാനസിക ഉല്ലാസവും സമ്മാനിക്കും.

(തുടർച്ച .......)

2007 ഏപ്രിലിൽ ഫാസ് സംഘടിപ്പിച്ച ഉത്തര ഭാരത സാംസ്കാരിക വിനിയമ പര്യടനത്തിൽ 27 അംഗ കുടുംബ സംഘമാണ് പങ്കെടുത്തത്. ഡൽഹി, രാജസ്ഥാൻ, ഉത്തർപ്രദേശ്, ഹിമാചൽപ്രദേശ്, ഛത്തീസ്ഗഢ്, ഉത്തരാഞ്ചൽ, പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളും ലോകത്തിലെ തന്നെ സുപ്രധാന സുഖവാസ കേന്ദ്രങ്ങളിലൊന്നായ ഹിമാചൽപ്രദേശിലെ മണാലിയും കോർത്തിണക്കിയ ഈ സാംസ്കാരിക വിനിമയ പര്യടനം 18 ദിവസം ദൈർഘ്യമുള്ളതായിരുന്നു. ഈ യാത്രയിൽ പഞ്ചാബിലെ ഇൻഡോ-പാകിസ്ഥാൻ അതിർത്തിയായ വാഗ സന്ദർശിച്ചതും അവിടെ വച്ച് രണ്ട് രാജ്യങ്ങളിലെയും സൈന്യം നടത്തുന്ന പതാക പ്രതിനിവർത്തന (ഫ്ളാഗ് റിട്രീറ്റ്) വേളയിൽ ഇന്ത്യൻ സൈന്യം വിളിക്കുന്ന ഹിന്ദുസ്ഥാൻ സിന്ദാബാദ്, ഭാരതമാതാ കീ ജയ് എന്നീ മുദ്രാവാക്യങ്ങൾ ഏറ്റു വിളിച്ച് ദേശാഭിമാനത്തിന്റെ ഉത്തുംഗതയിലെത്തി കോരിത്തരിച്ചതും അവിസ്മരണീയ അനുഭവമാണ്.

2008-ലെ 21 ദിവസം നീണ്ടു നിന്ന ഉത്തര പൂർവ്വ ഭാരത-നേപ്പാൾ യാത്രയിൽ 16 കുടുംബാംഗങ്ങളാണ് ഉണ്ടായിരുന്നത്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളായ ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, സിക്കിം, ഒറീസ എന്നിവയും അയൽരാജ്യമായ നേപ്പാളുമാണ് സന്ദർശിച്ചത്. ട്രെയിനിലും ബസ്സിലും വാനിലും എയ്റോപ്ലെയിനിലുമൊക്കെ യാത്ര ചെയ്ത് ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത വൈവിധ്യമാർന്ന സാംസ്കാരിക സവിശേഷതകൾ അടതൂർന്ന അനുഭവങ്ങൾ നേടിയ യാത്രയായിരുന്നു ഇത്. യാത്രാസംഘം തൂവെള്ള മഞ്ഞിൽ പൊതിഞ്ഞതും പ്രാണവായു ദൗർലഭ്യമുള്ള ഇന്ത്യ-ചൈന അതിർത്തിയിലെ നാഥുല പാസ് സന്ദർശിച്ചതും ഫാസിന്റെ പ്രതിനിധികൾ എന്ന നിലയിൽ ഇന്ത്യൻ സൈന്യത്തിൽ നിന്ന് സന്ദർശന സർട്ടിഫിക്കേറ്റ് നേടിയതുമൊക്കെ അവിസ്മരണീയമുഹൂർത്തങ്ങളായി ഓർമ്മയിൽ തെളിഞ്ഞുനിൽക്കുന്നു.

ഫാസ് കുടുംബാംഗങ്ങൾ തമ്മിൽ ഊർജ്ജസ്വലമായ സഹകരണവും യോജിപ്പും ഉൾച്ചേർക്കുവാൻ ഉദ്ദേശിക്കപ്പെട്ട കുടുംബയാത്രകളിൽ ഒന്നായിരുന്നു 2007 മേയിൽ നടത്തിയ ഏകദിന കൊച്ചി കപ്പൽ യാത്രയും ശക്തൻ തമ്പുരാൻ മ്യൂസിയം സന്ദർശനവും. കുട്ടികൾ ഉൾപ്പെടെ 97 പേർ പങ്കെടുത്ത യാത്ര വിജ്ഞാനപ്രദവും വിനോദ സമ്പുഷ്ടവുമായിരുന്നു. രണ്ട് ബസ്സുകളിലായി കുട്ടികളുടെ സമ്പന്നമായ കലാസദ്യയിൽ അഭിരമിച്ചായിരുന്നു യാത്ര. അതിരുകളലിയിച്ചൊന്നാകുന്ന വേമ്പനാടും പെരിയാറും കണ്ടറിഞ്ഞ്, കൊച്ചിയുടെ പുരാതനവും ആധുനികവുമായ ഈടുവയ്പ്പുകളുടെ സവിശേഷതകളിലൂടെ, അറബിക്കടലിന്റെ മാസ്മരിക സൗന്ദര്യം നുകരാനായി 15 കി.മീ. ദൂരം സാഗരറാണിയെന്ന യാനസുന്ദരിയിലൂടെ നടത്തിയ സമുദ്രയാത്ര അവിസ്മരണീയമാണ്. ശക്തൻ തമ്പുരാൻ കൊട്ടാരത്തിന്റെ അകത്തളങ്ങളിൽ പഴമയുടെ സമ്പന്ന ചരിത്രം ഇതൾ വിടർത്തുന്ന വ്യത്യസ്തവും വൈവിധ്യപൂർണ്ണവുമായ പാരമ്പര്യ വാസ്തുശിൽപ്പങ്ങളും ചിത്രങ്ങളും കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ അറിവും ആനന്ദനവും പകർന്നുനൽകും.

## വി എസ് എസ് സി ടൂർ

ജ്യോതിശാസ്ത്ര രംഗത്ത് ഇന്ത്യ മറ്റ് വികസിത രാജ്യങ്ങളോടൊപ്പം എത്തിപ്പെട്ടിരിക്കുന്നു. ഈ ശാസ്ത്ര നേട്ടവും അതിന്റെ വികാസ പരിണാമാവസ്ഥയും സാധാരണ ജനങ്ങൾക്ക് കണ്ടുബോദ്ധ്യപ്പെടാനുള്ള അവസരമാണ് തിരുവനന്തപുരം തുമ്പയിലെ വിക്രം സാരാഭായ് സ്പെയ്സ് സെന്റർ സന്ദർശനത്തിലൂടെ അംഗങ്ങൾക്ക് ലഭിച്ചത്. ഭൗമശാസ്ത്രകാരന്മാരുടെ കണ്ടുപിടുത്തങ്ങളും ഉപഗ്രഹവിക്ഷേപണങ്ങളുടെ കാലാനുസാരിയായ പരിണാമങ്ങളും ആധുനിക തലത്തിൽ എത്തി നിൽക്കുന്ന പ്രവർത്തന മികവും നേരിട്ട് ബോധ്യപ്പെട്ട്, വിജ്ഞാന വിസ്ഫോടനം നടക്കുന്ന ശാസ്ത്ര മേഖലയിലെ നൂതന സമ്പ്രദായങ്ങൾ കണ്ട് അത്ഭുത പരതന്ത്രരായാണ് അംഗങ്ങൾ വി എസ് എസ് സി യിൽ നിന്ന് മടങ്ങിയത്. തിരുവനന്തപുരം സയൻസ് ആന്റ് ടെക്നോളജി മ്യൂസിയവും പ്രിയദർശിനി പ്ലാനറ്റോറിയവും കൂടി സന്ദർശിച്ചതോടെ ഈ യാത്ര ശാസ്ത്ര സംബന്ധിയായ വിജ്ഞാന ദാഹത്തിന് മാറ്റ് കൂട്ടിയ അവിസ്മരണീയമായ ഒന്നായി മാറി. മടക്ക യാത്രയിലെ വേളി ടൂറിസ്റ്റ് കേന്ദ്രം സന്ദർശനം മനസ്സിന് കുളിർമ്മയേകുകയും ചെയ്തു.

കൂട്ടായ്മയും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നതിനും ആനന്ദവും അനുഭവവും ജീവിതത്തിന്റെ ഊർജ്ജോറവിടമാക്കാനും ഏകദിന കുടുംബയാത്രകൾ നിരന്തരം സംഘടിപ്പിച്ചു വരുന്നു. വീഗാലാൻഡ്-കുമരകം യാത്രകൾ, പാലരുവി, തെന്മല, ആര്യങ്കാവ് യാത്ര, മഞ്ച് സ്റ്റാർ സിംഗേഴ്സ് സംഗീതാവതരണം നേരിട്ടറിയാനുള്ള യാത്രകൾ, കുറ്റാലം യാത്ര, വയനാട് യാത്രകൾ എന്നിങ്ങനെ അംഗങ്ങളുടെ ആഗ്രഹം പരിഗണിച്ച് കുടുംബയാത്രകൾ സംഘടിപ്പിക്കാറുണ്ട്.

(തുടർച്ച .......)

തായ്‌ലൻഡ്, ശ്രീലങ്ക, ചെന്നൈ, ആൻഡമാൻ, രാജസ്ഥാൻ, ബോംബെ, തിരുപ്പതി, ഹൈദരാബാദ് തുടങ്ങി വിവിധങ്ങളായ യാത്രകൾ ഫാസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു.

വിനോദയാത്രകളിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള അംഗങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിച്ച് യാത്രാ പരിപാടികൾ സീസൺ നോക്കി ഒരുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യാൻ ഫാസിന്റെ ആഭിമുഖ്യത്തിൽ ഒരു **സഞ്ചാരി ക്ലബ്ബ്** പ്രവർത്തിച്ചു വരുന്നു.

## രോഗികൾക്ക് സൗജന്യ ഭക്ഷണ പരിപാടി

ഫൈൻ ആർട്സ് സൊസൈറ്റിയുടെ മുൻ പ്രസിഡന്റ് പി.കെ. കാർത്തികേയൻ നായർ അവർകളുടെ ഒന്നാം ചരമ വാർഷിക ദിനമായ 2013 മാർച്ച് 24–ന് രാവിലെ 10 മണിക്ക് നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി അങ്കണത്തിൽ പരവൂർ നഗരസഭ ചെയർപേഴ്സൺ ശ്രീമതി വി. അംബികയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മുൻമന്ത്രി ശ്രീ. സി.വി. പത്മരാജന്റെ സാന്നിദ്ധ്യത്തിൽ, ശ്രീ. ജി.എസ്. ജയലാൽ, എം.എൽ.എ. സൗജന്യ ഉച്ചഭക്ഷണ പരിപാടി ഉദ്ഘാടനം ചെയ്യുകയുകയുണ്ടായി. ഫാസിന്റെ ആഭിമുഖ്യത്തിൽ പരവൂർ ഗവ: ആയുർവേദ ആശുപത്രിയിലെയും നെടുങ്ങോലം രാമറാവുമെമ്മോറിയൽ താലൂക്ക് ആശുപത്രിയിലെയും 200 –ഓളം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും എല്ലാദിവസവും സൗജന്യ ഉച്ചഭക്ഷണം നൽകുന്ന ജീവകാരുണ്യ പദ്ധതിയാണ് നടപ്പിലാക്കപ്പെട്ടത്.

ഫാസിന്റെ മുൻ പ്രസിഡന്റ് പി.കെ. കാർത്തികേയൻ നായർ അവർകളുടെ ഒന്നാം ചരമ വാർഷികദിനമായ 2013 മാർച്ച് 24–ന് സമാരംഭിച്ച ഈ സൗജന്യ ഉച്ചഭക്ഷണ പരിപാടി ഫാസ് അംഗങ്ങളുടെയും ബഹുജനങ്ങളുടെയും സഹകരണത്തോടെ 2014 മാർച്ച് 23–ന് വിജയകരമായി ഒരു വർഷം പൂർത്തീകരിക്കുകയുണ്ടായി. ഈ പദ്ധതിയുടെ മാനുഷികമേന്മ കണക്കിലെടുത്ത് ഒരുനേരം അന്നം പരിപാടി തുടർന്ന് നടത്തണമെന്നും ചെലവുകുറയ്ക്കാനായി കഞ്ഞിയും കറിയും നൽകിയാൽ മതിയെന്നും താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ആഫീസർ നിർദ്ദേശം വച്ചു. ഫാസിന്റെ പ്രത്യേക പൊതുയോഗം പദ്ധതി അവലോകനം ചെയ്യുകയും ഒരു വർഷത്തേയ്ക്കുകൂടി ഫാസ് അംഗങ്ങളുടെയും ബഹുജനങ്ങളുടെയും സഹകരണത്തോടെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ സൗജന്യ ഭക്ഷണപരിപാടി (കഞ്ഞിയും കറിയും) തുടരുവാൻ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് ഈ പദ്ധതി മുടക്കം കൂടാതെ 2015 മാർച്ച് 24–വരെ തുടരുകയുണ്ടായി. ഫാസ് അംഗങ്ങളും ബഹുജനങ്ങളുമാണ് ഈ ജീവകാരുണ്യപരിപാടിയുടെ ഓരോ ദിവസത്തെയും ചെലവ് ഏറ്റെടുത്ത് നടത്തിവന്നത്. രണ്ടു വർഷക്കാലം, ഒരു ദിവസം പോലും മുടങ്ങാതെ, ഈ പദ്ധതി ഫലപ്രദമായി നടത്തി വിജയിപ്പിക്കുന്നതിൽ എല്ലാജനവിഭാഗങ്ങളുടെയും സഹകരണം ലഭിക്കുകയുണ്ടായി.

## ഫാസ് സസ്നേഹം പദ്ധതി

ഫാസിന്റെ പ്രവർത്തനമേഖലയായ പരവൂർ, പൂതക്കുളം, ചിറക്കര പ്രദേശങ്ങളിൽ വച്ച് വ്യക്തികൾക്ക് അടിയന്തിര ഘട്ടങ്ങളിലുണ്ടാവുന്ന ജീവകാരുണ്യപരമായ ആകസ്മിക ചെലവുകൾ നിറവേറ്റാൻ കഴിയാതെവരുമ്പോൾ സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണ് **ഫാസ് സസ്നേഹം** എന്ന പേരിൽ 2015 ജനുവരി ഒന്നുമുതൽ നടപ്പിലാക്കിവരുന്നത്.

വ്യക്തികൾക്ക് അടിയന്തിരഘട്ടങ്ങളിൽ വേണ്ടിവരുന്ന ആകസ്മിക ചെലവുകൾ നിറവേറ്റാൻ കഴിയാതെവരുന്ന അവസരങ്ങളിൽ **സസ്നേഹം പദ്ധതി**യിൽനിന്ന് സഹായം ലഭിക്കുന്നതിന് ഫാസിന്റെ പ്രസിഡന്റ് (94460 43866)/സെക്രട്ടറി (94957 02743)/ഖജാൻജി (94475 91807)–യുമായി ബന്ധപ്പെടേണ്ടതാണ്.

## ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ക്ലാസ്സ്

പശ്ചിമഘട്ടമലനിരകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പരിസ്ഥിതി ശാസ്ത്രജ്ഞനായ പ്രൊഫ. മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ കമ്മിറ്റിയെ കേന്ദ്രസർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റിയുടെ, ശാസ്ത്രീയ നിലപാടുകൾ അവലംബിച്ചുതയ്യാറാക്കിയ, പഠന റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചുവെങ്കിലും ആ റിപ്പോർട്ടിലെ

(തുടർച്ച .......)

ശുപാർശകൾ നടപ്പിലാക്കുകയുണ്ടായില്ല. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് മനസ്സിലാക്കുവാൻ ഗാഡ്ഗിൽ കമ്മിറ്റിയിൽ അംഗമായിരുന്ന ഡോ: വി.എസ്. വിജയൻ ഫാസിന്റെ ആഭിമുഖ്യത്തിൽ പരവൂർ മർച്ചെന്റ്സ് അസോസിയേഷൻ ഹാളിൽ ക്ലാസ്സെടുക്കുകയുണ്ടായി.

## വിദ്യാഭ്യാസപ്രവർത്തനം

പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടെ പുതിയ കെട്ടിടം പ്രവർത്തനയോഗ്യമായശേഷം വിവിധ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലതയോടെ നടത്തിവരുന്നു. വിദ്യാർത്ഥി കളിൽ കലാബോധവും ശാസ്ത്രാഭിരുചിയും ചരിത്രബോധവും സാമൂഹികാവബോധവും വളർത്തു വാനുദ്ദേശിച്ചുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഫാസിന്റെ പ്രവർത്തന മേഖലയായപരവൂർ–പൂതക്കുളം–ചിറക്കര പ്രദേശങ്ങളിലെഎൽ.പി., യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായാണ് മത്സരം നടത്തിവരുന്നത്. (വിശദവിവരങ്ങൾ അന്യത്ര).

## വയലിൻ–ഗിറ്റാർ–കീബോർഡ്–വോക്കൽ സംഗീത ക്ലാസ്സുകൾ

ഫാസിന്റെ ആഭിമുഖ്യത്തിൽ ഞായറാഴ്ച ദിവസങ്ങളിൽ വിദഗ്ദ്ധരും പരിചയസമ്പന്നരുമായ അദ്ധ്യാപകർ നയിക്കുന്ന **വയലിൻ–ഗിറ്റാർ–കീബോർഡ്–വോക്കൽ സംഗീത ക്ലാസ്സുകൾ** നടത്തി വരുന്നു. കുട്ടികളിലെ സർഗ്ഗശേഷി വികസിപ്പിക്കുവാനും ലളിതകലകളിൽ താല്പര്യം ജനിപ്പിക്കു വാനും ഉദ്ദേശിച്ചുകൊണ്ടു നടത്തപ്പെടുന്ന ഈ ക്ലാസ്സുകളിൽ ധാരാളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു ണ്ട്. ഫാസിന്റെ കുടുംബസംഗമ വേദികളിൽ ഇവരുടെ കലാപ്രകടനങ്ങൾക്ക് വേദിയൊരുക്കാറുണ്ട്.

## ചെസ്സ് മത്സരം

മാനസികശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കാനും നഷ്ടങ്ങളിൽനിന്ന് വീണ്ടെ ടുപ്പിനുള്ള കഴിവ് സ്വായത്തമാക്കി ജീവിതം ആർജ്ജവമുള്ളതാക്കാനും സാമൂഹികവിരുദ്ധ നിലപാ ടിലേയ്ക്ക് തിരിയാതെ പ്രശ്നപരിഹാര കഴിവുകളും സാമൂഹിക ബന്ധങ്ങളും പരിപോഷിപ്പിക്കാനും ഉതകുന്നതാണ് ചെസ്സ് കളി. അതിനുകഴിയുന്ന സാമൂഹികമാറ്റം ലക്ഷ്യം വച്ചുകൊണ്ട് ഫൈൻ ആർട്സ് സൊസൈറ്റി അഖില കേരള ഏകദിന ഓപ്പൺ ചെസ്സ് ടൂർണമെൻറ് നടത്തുകയും തുടർന്ന് ചെസ്സ് പരിശീലന ക്ലാസ്സ് നടത്തി വരുകയും ചെയ്യുന്നു.

കാലാനുസൃതവും വിവിധങ്ങളുമായ പ്രവർത്തനങ്ങൾ കൊണ്ട് സമ്പന്നമാണ് ഫാസ്. ഫാസ് അംഗങ്ങളും ബഹുജനങ്ങളും ഇത്തരം പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചുവരുന്നു.